(ഡി) കൊടുത്തുതീർക്കേണ്ട ബാധ്യതകളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താല്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ട് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ഇതുപ്രകാരം 31-12-2005 വരെ സംസ്ഥാനത്തിന്റെ പൊതുകടത്തിൽ കേന്ദ്രഗവൺമെന്റിൽ തിരിച്ചടയ്ക്കേണ്ടുന്ന തുക 5475.44 കോടി രൂപയാണ്.

(ബി) ഇല്ല. തിരിച്ചടവ് കൃത്യമായി നടത്തിവരുന്നു.

(സി) സംസ്ഥാന ഗവൺമെന്റിന്റെ പൊതു കടം 31-12-2005 വരെ താഴെ കാണും പ്രകാരമാണ്.

(തുക കോടിയിൽ)

	ഏജൻസി	പൊതുകടം (31-12-2005 വരെ)
1.	കേന്ദ്ര സർക്കാർ	5475.44
2.	വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിപണിയിൽ നിന്നുമുള്ള ആഭ്യന്തര കടം	24712.18
3.	സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മുതലായവ	14162.26
	ആകെ	44349.88

(ഡി) സംസ്ഥാന സർക്കാർ കൊടുത്തു തീർക്കേണ്ട ബാധ്യതകളുടെ വിശദാംശം മേൽ പ്രസ്താവിച്ചിരിക്കും പ്രകാരമാണ്.

സംസ്ഥാനത്തെ റവന്യു വരുമാനം സംബന്ധിച്ച വർദ്ധനവ്

5(1281) ശ്രീ. ജോർജ് ജെ. മാത്യു:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തിന്റെ റവന്യു വരുമാന വർദ്ധനയുടെ തോതെന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇത് സംബന്ധിച്ച വർദ്ധനയുടെ തോതെന്താണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് (1996-2001) സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിൽ ശരാശരി 12.2% വാർഷിക വർദ്ധനവാണ് ഉണ്ടായിരുന്നത്.

(ബി) യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് (2001-2005) മുൻ കാലയളവിനെ അപേക്ഷിച്ച് റവന്യു വരുമാനത്തിൽ ശരാശരി 13.6% വാർഷിക വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സംസ്ഥാനത്തിന്റെ നികുതി വരുമാനം

6(1282) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 മുതൽ 2005-2006 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലെയും സംസ്ഥാനത്തിന്റെ നികുതി വരുമാനം എത്ര രൂപ വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 1996-1997 മുതൽ 2000-2001 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലെയും സംസ്ഥാനത്തിന്റെ നികുതി വരുമാനം എത്ര രൂപ വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) വാറ്റ് നടപ്പിലാക്കിയതിനെത്തുടർന്ന് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ എന്തു മാത്രം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) വാറ്റ് നടപ്പിലാക്കിയതിനുശേഷം നികുതി വരുമാനത്തിൽ കുറവാണ് ഉണ്ടായിട്ടുള്ളതെങ്കിൽ എന്തു മാത്രം കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-2002 മുതൽ 2005-2006 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലെയും സംസ്ഥാനത്തിന്റെ നികുതി വരുമാനം താഴെ കാണും പ്രകാരമാണ്.

വർഷം	*(തുക കോടിയിൽ)* നികുതി വരുമാനം
2001-02	7537.68
2002-03	9017.76

LIBRARY ARCHIVES Kerala Legislative Assembly